"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം ആർ.ഡി.2/29/2020/എൽ.എസ്.ജി.ഡി
തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 30-03-2022

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - 2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ - സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:-

1. സ.ഉ.(അ) നം.77/2019/തസ്വഭവ തീയതി 02/11/2019 (എസ്.ആർ.ഒ നം.828/2019 തീയതി 08/11/2019) അസാധാരണ ഗസറ്റ് നം. 2691 തീയതി 08/11/2019.
2. സ.ഉ.(അ) നം.78/2019/തസ്വഭവ തീയതി 02/11/2019 (എസ്.ആർ.ഒ നം.829/2019 തീയതി 08/11/2019) അസാധാരണ ഗസറ്റ് നം. 2692 തീയതി 08/11/2019.
3. 20/11/2019 ലെ 201/ആർ.ഡി.1/2019/തസ്വഭവ.
4. ശ്രീ.മാണി.എം.മാത്യു 31/01/2020 തീയതി സമർപ്പിച്ച അപേക്ഷ.
5. മുഖ്യനഗരാസൂത്രകന്റെ 28/05/2020 തീയതിയിലെ ടിസിപിസിടിപി/559/2020-ഇ3 നമ്പർ കത്ത്.

സൂചന (1), (2) പ്രകാരം വിജ്ഞാപനം ചെയ്ത 2019-ലെ കേരള പഞ്ചായത്ത്/മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ സുഗമമായി പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സൂചന (3) സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

ശ്രീ.കെ.ജെ.ലൂക്ക്, ശ്രീ.ജോർജ്ജ് ജോസഫ്.കെ എന്നിവർ 10/07/2018-ൽ കോട്ടയം മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ച കെട്ടിടനിർമാണാനുമതി അപേക്ഷയിൽ ന്യൂനതകൾ പരിഹരിച്ച് പുന:സമർപ്പിക്കാൻ നിർദേശിച്ചതിൽ, ന്യൂനത പരിഹരിച്ച് അപേക്ഷ ഓൺലൈനിൽ പുന:സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് നഗരസഭ നടത്തിയ സ്ഥലപരിശോധനയിൽ കണ്ടെത്തിയ ന്യൂനത ഓൺലൈൻ ഫയലിൽ രേഖപ്പെടുത്തുമ്പോൾ സങ്കേതം സോഫ്റ്റ്‌വെയറിൽ അപേക്ഷ തിരികെ നൽകാൻ മാർഗ്ഗമില്ലാത്തതിനാൽ അപേക്ഷ നിരസിച്ചിരുന്നു. ഇപ്രകാരം നിരസിക്കപ്പെടുന്ന കെട്ടിടനിർമാണാനുമതി അപേക്ഷകൾ സംബന്ധിച്ച് സൂചന (3) സർക്കുലറിൽ പ്രതിപാദിക്കാത്തതിനാൽ ഇക്കാര്യത്തിൽ വ്യക്തത

ആവശ്യപ്പെട്ട് സൂചന (4) പ്രകാരം ശ്രീ.മാണി.എം.മാത്യു സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

അപേക്ഷകൻ അപേക്ഷ 10/07/2018 ൽ സമർപ്പിച്ചതിനാൽ സൂചന (3) സർക്കുലർ പ്രകാരം KMBR 1999 ആണ് ഈ നിർമ്മാണത്തിന് ബാധകം എന്ന് സൂചന (5) പ്രകാരം മുഖ്യനഗരാസൂത്രകൻ അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സൂചന (3) സർക്കുലറിന്റെ ക്രമ നമ്പർ - 1 ന് താഴെ പറയുന്ന സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

"07/11/2019 വരെ ഓൺലൈൻ ആയി സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ, ന്യൂനത പരിഹരിക്കുന്നതിലേക്ക് സങ്കേതം സോഫ്റ്റ്‌വെയർ മുഖാന്തിരം തിരികെ നൽകാൻ സാധിക്കാത്തതിനാൽ നിരസിക്കപ്പെട്ടതായ പ്രകാരം വീണ്ടും സമർപ്പിച്ച റിവൈസ്ഡ് പ്ലാനിൽ വിസ്തീർണ്ണം അധികരിക്കുന്നില്ലെങ്കിൽ മാത്രം പഴയ ചട്ടം ബാധകമായിരിക്കുന്നതാണ്."

ഉത്തരവിൻ പ്രകാരം

Signed by Sindhu.p.g.
Date: 30-03-2022 11:33:13

RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. എല്ലാ നഗരസഭ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
3. എല്ലാ റീജ്യണൽ ജോയിന്റ് ഡയറക്ടർമാർക്കും
4. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മറ്റു സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്.)
5. ഡയറക്ടർ, KILA.
6. ഡയറക്ടർ, വിവര-പൊതുജന സമ്പർക്ക വകുപ്പ്.
7. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.